അടച്ചു പൂട്ടിയ ചെറുകിട-വൻകിട വ്യവസായ സ്ഥാപനങ്ങൾ

12 (166) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമായി എത്ര ചെറുകിട-വൻകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് ;

(ബി) ഇതുമൂലം എത്ര തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ഡി) ലാഭകരമല്ല എന്ന കാരണത്താൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്;

(ഇ) ഈ കാലയളവിൽ വ്യവസായ മേഖലയിൽ എത്ര വിദേശനിക്ഷേപം ഉണ്ടായിട്ടുണ്ട്;

(എഫ്) വിദേശനിക്ഷേപത്തിൽ എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 45 വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ അടച്ചു പൂട്ടിയിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കുകയും VRS പദ്ധതിയിൽ പിരിഞ്ഞുപോയവർക്ക് റിട്ടയർമെന്റ് കോമ്പൻസേഷൻ, പി.എഫ്., ഗ്രാറ്റുവിറ്റി, 50% ശമ്പള കുടിശ്ശിക എന്നിവ പൊതുഖജനാവിൽ നിന്നും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 5 കമ്പനികൾ BIFR-ന്റെ ഉത്തരവുപ്രകാരം പ്രവർത്തനം നിർത്തിവയ്ക്കുകയുണ്ടായി. രണ്ട് കമ്പനികൾ വളരെ മുമ്പു മുതൽ തന്നെ കണക്കുകൾ സമർപ്പിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. ഇതിനു പുറമേ ഒരു കമ്പനി പ്രവർത്തിച്ചു തുടങ്ങുകയുമുണ്ടായിട്ടില്ല.

(ബി) 4523 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പൊതുമേഖലയിൽ നിന്നും 5389 പേർ VRS ആനുകൂല്യങ്ങൾ വാങ്ങി പിരിഞ്ഞുപോയിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി നൽകിയിട്ടുണ്ട്.*

(ഡി) ലാഭകരമല്ല എന്ന കാരണത്താൽ മാത്രം ഒരു പൊതുമേഖലാ സ്ഥാപനവും അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടില്ല.

(ഇ) റിസർവ്വ് ബാങ്ക് കണക്കുകൾ പ്രകാരം 235 കോടി രൂപ.

(എഫ്) ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly